(ബി) പ്രസ്തുത 3 കേസുകളിൽ ഒരെണ്ണം അന്വേഷണം പൂർത്തിയായി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് (കിളികൊല്ലൂർ പി.എസ്. ക്രൈം നമ്പർ 1223/14) ബാക്കി 2 കേസുകളിലും അന്വേഷണം തുടർന്ന് വരുകയാണ്. ടി കേസുകളിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസുകളിലെ പ്രതികളെല്ലാം കോടതിയിൽ നിന്നും ജാമ്യം നേടിയിട്ടുണ്ട്.

(സി) ടി കേസുകളിലെ പ്രതികളുടെ രാഷ്ട്രീയ ബന്ധം വെളിവായിട്ടില്ല.

കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം

174 (4509) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?

ഉത്തരം

(എ-സി) 24-2-2014-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 37/2014/ ആഭ്യന്തരം പ്രകാരം നിലവിൽ വന്ന കേരള വിക്ടിം കോമ്പൻസേഷൻ സ്കീമനുസരിച്ച് ടി സ്കീമിൽ അനുബന്ധമായി* ചേർത്തിരിക്കുന്ന കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്കോ/ ആശ്രിതർക്കോ സ്കീമിന്റെ നിബന്ധനകൾക്ക് വിധേയമായി നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും. ഈ സ്കീമനുസരിച്ച് നിലവിൽ ഇതുവരെ ആർക്കും നഷ്ടപരിഹാരം അനുവദിച്ചിട്ടില്ലാത്തതാണ്. വിക്ടിം കോമ്പൻസേഷൻ സ്കീം പ്രാവർത്തികമാക്കുന്നതിനായി വിക്ടിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷത്തിൽ 1000 രൂപ 'Token provision' അനുവദിച്ചിട്ടുണ്ട്. അധിക ഫണ്ടിനായി ധനകാര്യവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ടി സ്കീമിന്റെ നിയന്ത്രണവും, ഭരണവും ഒപ്പം പുരോഗതി വിലയിരുത്തലും നടത്തുന്നതിന് ആഭ്യന്തരവകുപ്പിനെയാണ് Nodal Department ആയി തീരുമാനിച്ചിരിക്കുന്നത്. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ചുമതല 'Member Secretary Kerala State Legal Services Authority'-ക്കാണ് നൽകിയിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly